## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

**സംഗ്രഹം**

ഉത്സവങ്ങളിൽ ആന എഴുന്നള്ളത്തുമായി ബന്ധപ്പെട്ട് ബഹു:ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ROC.25236/24/E** തീയതി: **13/12/2024**

---

സൂചന:- ബഹു:ഹൈക്കോടതിയുടെ 13/11/2024-ലെ **WP (c).No.31520/24** നമ്പർ കേസിലെ ഉത്തരവ്.

## ഉത്തരവ്

ക്ഷേത്രങ്ങളിലെ ഉത്സവ ആവശ്യങ്ങൾക്ക് ആനയെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് **Kerala Captive Elephant (Management & Maintenance) Rules 2012**-ലെ മാനദണ്ഡങ്ങളുടേയും ബഹു:സുപ്രീംകോടതിയുടെ **Wildlife Rescue & Rehabilitation Centre and Others Vs. Union of India (2016) 1SCC 716** എന്ന കേസിലെ ഉത്തരവിലെ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 13/11/2024 തീയതിയിൽ ബഹു:ഹൈക്കോടതി **WP(c).No.31520/24** നമ്പരായി സൂചന ഉത്തരവ് പുറപ്പെടുവിച്ചു.

പ്രസ്തുത മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ ആനകളെ എഴുന്നള്ളിക്കുമ്പോൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പാലിക്കുന്നതിനും, ഉത്സവ നടത്തിപ്പിന്റെ ചുമതലയുള്ള ഉപദേശകസമിതിയ്ക്ക് ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

സൂചന ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

### പൊതുവായ നിർദ്ദേശങ്ങൾ

1. ഉത്സവം നടത്തുന്ന ചുമതലക്കാർ എഴുന്നള്ളിപ്പിന് ഒരു മാസം മുൻപ് അനിമൽ വെൽഫെയർ ഓർഗനൈസേഷൻ ജില്ലാ കമ്മിറ്റി മുമ്പാകെ ആനയെഴുന്നെള്ളിപ്പിന് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

    a) എഴുന്നള്ളിക്കാൻ ഉദ്ദേശിക്കുന്ന ആനയുടെ പേര്, തിരിച്ചറിയൽ അടയാളം, എഴുന്നള്ളിക്കുന്ന തീയതി.

    b) എഴുന്നള്ളിപ്പിന് കൊണ്ടുവരുന്ന ആനകളുടെ താൽക്കാലികമായ സംരക്ഷണ ത്തിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ.

    c) എഴുന്നള്ളിപ്പിന്റെ വഴിയും, സമയവും.

    d) എഴുന്നള്ളിപ്പിന് ഉദ്ദേശിക്കുന്ന സ്ഥലം.

    e) എഴുന്നള്ളിപ്പ് നടത്തുന്ന 10 ദിവസം മുൻപുള്ളതും 5 ദിവസത്തിനു ശേഷം ഉള്ളതുമായ ടൂർ പ്രോഗ്രാം. ആവശ്യമായ വിശ്രമ ഇടവേള ഇല്ലാതെ ആനയെ യാത്ര ചെയ്യിച്ച് എഴുന്നള്ളിക്കുന്നില്ലായെന്നും രണ്ട് എഴുന്നള്ളിപ്പിനിടയിൽ 3 ദിവസത്തിൽ കുറയാത്ത വിശ്രമ ഇടവേള നൽകുന്നു എന്നും അനിമൽ വെൽഫെയർ ഓർഗനൈസേഷൻ ജില്ലാ കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത 3 ദിവസങ്ങൾ കണക്കാക്കുമ്പോൾ യാത്രകൾക്കായി എടുക്കുന്ന സമയം കണക്കുകൂട്ടുവാൻ പാടില്ല.

    f) ആനയുടെ ആരോഗ്യ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുത്തണം.

(മറുപുറം..)

g) എഴുന്നള്ളിക്കുന്ന ആനയുടെ മദക്കാലം സംബന്ധിച്ച് ഒരു വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റ്.

h) കഴിഞ്ഞ 12 മാസത്തിനിടയിൽ ആന വിരണ്ടോടിയ സംഭവം ഉണ്ടെങ്കിൽ ആയതും അപേക്ഷയിൽ ഉൾപ്പെടുത്തണം.

2. a) താൽക്കാലിക സുരക്ഷ ഒരുക്കുന്ന സ്ഥലത്ത് ആനകൾക്ക് നിയമപ്രകാരമുള്ള ഭക്ഷണം ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

b) താൽക്കാലിക ഷെൽട്ടർ വൃത്തിയുള്ളതും ആരോഗ്യകരമായ അന്തരീക്ഷത്തിലും വിശ്രമത്തിനായി മതിയായ തണലും ഉള്ളതാണെന്ന് ഉറപ്പുവരുത്തണം. ടി സ്ഥലത്തിന്റെ മേൽക്കൂര കുറഞ്ഞത് 5.5 മീറ്റർ ഉയരത്തിലും, തറ വിസ്തീർണ്ണം കുറഞ്ഞത് 9X6 മീറ്റർ വിസ്തീർണ്ണത്തിലും ആയിരിക്കണം. ആനകളെ കെട്ടി നിർത്തുന്ന സ്ഥലത്ത് ആനകൾക്ക് ചലിക്കാൻ മതിയായ ഇടം ഉണ്ടായിരിക്കണം. കൂടാതെ ആനയുടെ ചലനം പൂർണ്ണമായും കെട്ടിയിടുന്ന തരത്തിൽ പാടില്ലാത്തതുമാണ്.

c) ഷെൽട്ടറിന്റെ തറ വരണ്ടതും വൃത്തിയുള്ളതുമായി സൂക്ഷിക്കാൻ പ്രകൃതിദത്ത വസ്തുക്കളാൽ നിർമ്മിച്ചതായിരിക്കണം. കൂടാതെ ഉചിതമായ ഡ്രെയിനേജ് സംവിധാനം നൽകണം.

d) ഷെൽട്ടറിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടായിരിക്കണം. ഒരു കാരണവശാലും ആനകളെ സ്വന്തം മാലിന്യത്തിൽ നിൽക്കാനുള്ള സാഹചര്യത്തിന് ഇടവരുത്തരുത്.

e) ആനയെ തളയ്ക്കുന്ന സ്ഥലത്ത് തുടർച്ചയായി കുടിവെള്ളം ഉണ്ടായിരിക്കണം. ആയത് പരസഹായമില്ലാതെ ആനയ്ക്ക് ലഭ്യമാകുന്ന തരത്തിലും ആയിരിക്കണം

3. <u>ആനകളെ എഴുന്നള്ളിക്കുന്നതിൽ പാലിക്കേണ്ട നിബന്ധനകൾ.</u>

a) ആനകൾ തമ്മിൽ 3 മീറ്റർ അകലം പാലിക്കണം.

b) തീവെട്ടി / തീപ്പന്തം എന്നിവ ആനയിൽ നിന്നും 5 മീറ്റർ അകലത്തിൽ ആയിരിക്കണം.

c) മതിയായ ബാരിക്കേടുകൾ നിർമ്മിച്ച് പൊതുജനങ്ങളെ ആനയിൽ നിന്നും ചുരുങ്ങിയത് 8 മീറ്റർ അകലത്തിൽ നിർത്തേണ്ടതാണ്.

d) വെടിക്കെട്ട് നടത്തുന്ന സ്ഥലത്തു നിന്നും ചുരുങ്ങിയത് 100 മീറ്റർ അകലമുണ്ടായിരിക്കണം.

e) ആനയെ എഴുന്നള്ളിക്കുന്ന സ്ഥലങ്ങളിൽ മതിയായ തണൽ വേണ്ടതും, നേരിട്ട് സൂര്യപ്രകാശം ആനയിൽ പതിക്കുന്ന തരത്തിൽ ആനയെ എഴുന്നള്ളിക്കാൻ പാടില്ലാത്തതുമാണ്. കൂടാതെ ആനയ്ക്ക് മതിയായ കുടിവെള്ളം, ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

f) അപകട സാഹചര്യത്തിൽ ആനകളേയും പൊതുജനങ്ങളേയും പ്രത്യേകമായി ഒഴിപ്പിക്കുന്നതിനുള്ള അഗ്നിശമന വിഭാഗം അംഗീകരിച്ച ഒരു ഒഴിപ്പിക്കൽ പദ്ധതി ഉണ്ടായിരിക്കണം.

4. <u>പൊതുനിരത്തുകളിലൂടെയുള്ള എഴുന്നള്ളിപ്പുകൾക്ക് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.</u>

a) ആനകൾ തമ്മിൽ 3 മീറ്റർ അകലം പാലിച്ചും തീവെട്ടിയിൽ നിന്നും 5 മീറ്റർ അകലം പാലിച്ചും വേണം എഴുന്നള്ളിപ്പുകൾ നടത്താൻ.

b) പബ്ലിക് റോഡുകളിലൂടെ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ എഴുന്നള്ളിപ്പുകൾ പാടില്ലാത്തതാണ്.

5. a) ആനകളെ രാത്രി 10 മുതൽ രാവിലെ 4 വരെ യാത്ര ചെയ്യിക്കാൻ പാടില്ല. ഈ സമയം ആനകളെ ആന ഉടമസ്ഥനോ, എഴുന്നള്ളിപ്പിന് എടുത്ത ആളോ താൽക്കാലികമായോ സ്ഥിരമായോ ഉള്ള കെട്ടുംതറികളിൽ നിർത്തി കൃത്യമായി പരിപാലിക്കേണ്ടതാണ്.

b) മൂന്ന് മണിക്കൂറിൽ കൂടുതൽ ആനകളെ എഴുന്നള്ളിപ്പിക്കുവാനോ, പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ല.

c) ആനയെ ദിവസത്തിൽ 30 കിലോമീറ്ററിലധികം നടത്താൻ പാടില്ല. 30 കിലോമീറ്ററിൽ അധികം യാത്ര ചെയ്യേണ്ട സാഹചര്യം വന്നാൽ നിയമാനുസൃത വാഹനം ഉപയോഗിച്ച് യാത്ര ചെയ്യേണ്ടതാണ്. എന്നാൽ ദിവസത്തിൽ 125 കിലോമീറ്ററിൽ കൂടുതൽ യാത്ര ചെയ്യിക്കാൻ പാടില്ലാത്തതും, ടി വാഹനത്തിന്റെ പരമാവധി വേഗത 25 കിലോമീറ്ററിൽ കൂടാൻ പാടില്ലാത്തതുമാണ്.

d) തുടർച്ചയായ 24 മണിക്കൂറിൽ 8 മണിക്കൂർ വിശ്രമം ആനയ്ക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

e) നാട്ടാന പരിപാലന ചട്ടം 2012 പ്രകാരം ആവശ്യമുള്ള എല്ലാ രജിസ്റ്ററുകളും കൃത്യമായും പരിപാലിക്കേണ്ടതാണ്.

f) ആനയെ എഴുന്നള്ളിക്കുന്ന സ്ഥലങ്ങളിലും ഉത്സവങ്ങളിലും 'എലിഫെന്റ് സ്ക്വാഡ്'എന്ന പേരിലുള്ള സംഘടനകളെ നിയോഗിക്കുവാൻ പാടില്ലാത്തതാണ്. കൂടാതെ ആന ഇടയുന്ന സാഹചര്യത്തിൽ കാപ്ച്യൂർ ബെൽറ്റ് എന്നിവയുടെ ഉപയോഗം നിരോധിച്ചിട്ടുള്ളതാണ്.

ബഹു:ഹൈക്കോടതിയുടെ സൂചന നമ്പർ കേസിലെ ഉത്തരവ് ഇതോടൊപ്പം ചേർക്കുന്നു. മുകളിൽ വിവരിച്ച നിർദ്ദേശങ്ങളോടൊപ്പം ബഹു:ഹൈക്കോടതിയുടെ ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതുമായ എല്ലാ നിർദ്ദേശങ്ങളും കർശനമായി പാലിക്കുന്നു എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
4. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
5. ഐ.റ്റി സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫെയർ ഓഫീസ് കോപ്പി

AR.13/12